**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** **03-03-2025 - ൽ മറുപടിയ്ക്ക്**

**അവകാശാധിഷ്ഠിത സാന്ത്വന പരിചരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമികതലത്തിൽ സമ്പൂർണ്ണ പാലിയേറ്റീവ് കെയർ എന്ന ആശയം നടപ്പാക്കുന്നതിൽ സംസ്ഥാനം ഏറക്കുറെ വിജയിച്ചിട്ടുണ്ടോ; | (എ) | പ്രാഥമികതലത്തിൽ സമ്പൂർണ്ണ സാന്ത്വന പരിചരണം എന്ന ആശയം നടപ്പാക്കുന്നതിൽ സംസ്ഥാനം വിജയിച്ചിട്ടുള്ളതും രാജ്യത്തിന് ഒട്ടാകെ തന്നെ മാതൃകയായി മാറുകയും ചെയ്തിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയ ഏക സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ മുഴുവൻ ജനസംഖ്യയും സാന്ത്വനം പരിചരണ പരിപാടിയുടെ ഗുണഭോക്തൃ വലയത്തിൽ കൊണ്ടുവരാൻ സാധിച്ചുവെന്നതാണ് സംസ്ഥാന സാന്ത്വന പരിചരണ പരിപാടി നേടിയ ഏറ്റവും വലിയ നേട്ടം. സർക്കാർ മേഖലയിൽ 1100 ലേറെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുണ്ട്.<br><br>പ്രധാന ആശുപത്രികളിൽ ഏതാണ്ട് 113 സെക്കന്ററി ലെവൽ യൂണിറ്റുകളും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഏതാണ്ട് 230 യൂണിറ്റുകളും ഉണ്ട്. ഇതിനോടൊപ്പം സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നടത്തി വരുന്നു. |
| (ബി) | ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാന ആരോഗ്യവകുപ്പ് പ്രസിദ്ധീകരിച്ച പുതുക്കിയ പാലിയേറ്റീവ് കെയർ നയത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം സാന്ത്വന പരിചരണ മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകൾ, ആയുഷ് വിഭാഗം, ഐ.എസ്.എം. വിഭാഗം തുടങ്ങിയ മേഖലയിൽകൂടി സാന്ത്വന പരിചരണ പരിപാടി വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ട് സാന്ത്വന |

പരിചരണ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് ആരോഗ്യവകുപ്പ് കൈകൊണ്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി സന്നദ്ധ സംഘടനകളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രാരംഭനടപടികൾ പൂർത്തിയാക്കി വരുന്നു. സ്റ്റുഡന്റ്സ് പാലിയേറ്റീവ് കെയർ, പീഡിയാട്രിക് പാലിയേറ്റീവ് കെയർ തുടങ്ങിയ നൂതന ആശയങ്ങളും സംസ്ഥാന പാലിയേറ്റീവ് കെയർ നയപ്രകാരം ആരംഭിക്കുന്നതാണ്. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും സേവനങ്ങൾ ഗുണഭോക്താക്കൾക്ക് അനായാസം ലഭിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള ഒരു 'പാലിയേറ്റീവ് കെയർ ഗ്രിഡ്' സംവിധാനവും നടപ്പിലാക്കി വരുന്നു.

2019 - ലെ കേരള സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ നയപ്രകാരം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെഡിക്കൽ കോളേജുകളിലും ആരംഭിച്ചു.

കേരളം ആതുര ശുശ്രൂഷ രംഗത്ത് പാലിയേറ്റീവ് നയം ആദ്യമായി പ്രഖ്യാപിച്ചത് 2008 - ലാണ്. അതിനുശേഷം 2019-ൽ പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയം നിലവിൽ വന്നു. ആരോഗ്യ വകുപ്പും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 500-ഓളം വരുന്ന എൻ ജി ഒ കളും സാമൂഹ്യ സംഘടനകളും ചേർന്നാണ് പാലിയേറ്റീവ് പരിചരണം സംസ്ഥാനത്ത് പ്രാവർത്തികമാക്കി വരുന്നത്. ആശുപത്രികളിലെപ്പോലെത്തന്നെ ഗൃഹപരിപാലനത്തിലും ഊന്നൽ നൽകുന്നതാണ് 2019 -ലെ പുതുക്കിയ പാലിയേറ്റീവ് പരിശീലന നയം.

സാമ്പത്തികമോ സാമൂഹികമോ വ്യക്തിപരമോ ആയ ബുദ്ധിമുട്ടുകൾക്ക് വിധേയമാകാതെ, സമൂഹത്തിന്റെ പിന്തുണയോടെ ഗാർഹിക പരിചരണത്തിലൂന്നിക്കൊണ്ട് കേരളത്തിലെ ഓരോ വ്യക്തിക്കും നിലവാരമുള്ള ഫലപ്രദമായ പാലിയേറ്റീവ് കെയർ സേവനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതാണ് പാലിയേറ്റീവ് കെയർ പോളിസിയുടെ ലക്ഷ്യം.

ഈ നയരേഖയിൽ, കേരളത്തിലുള്ള പാലിയേറ്റീവ് കെയർ ആവശ്യമാകുന്ന രോഗികൾക്കുള്ള ത്രിതല ചികിത്സാ സൗകര്യങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. നയരേഖയിലൂടെ ആരോഗ്യ

| | | | |
|---|---|---|---|
| | | | പ്രവർത്തകരുടെ പാലിയേറ്റീവ് കെയർ വിഭാഗത്തിനു വേണ്ടിയുള്ള പരിശീലനവും, സ്ഥാപനങ്ങളുടെ ശേഷി പരിപോഷണവും ലക്ഷ്യം വയ്ക്കുന്നുണ്ട്.<br><br>പൊതുജനങ്ങൾക്കിടയിലെ സാന്ത്വന പരിചരണത്തിന്റെ അവബോധം, അതിന്റെ പ്രാധാന്യം, സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ എന്നിവ നേടിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവയും നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാന്ത്വന പരിചരണ രംഗത്തെ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്ഥാപനങ്ങൾ, എൻ.ജി.ഒ, സാമുദായിക സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആയുഷ് വകുപ്പ് തുടങ്ങിയവയുടെ പങ്കം നയരേഖയിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ<br><br>യൂണിറ്റുകൾ സജ്ജമാക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പാലിയേറ്റീവ് കെയർ നയരേഖ അടിസ്ഥാനമാക്കി മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രിയപ്പെട്ടവരുടെ മരണത്തെത്തുടർന്ന് ഉടലെടുക്കുന്ന വിയോഗാനുഭവവും വ്യഥയും ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ ബെറീവ്മെന്റ് കമ്പാനിയൻഷിപ് പ്രോഗ്രാം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പുതുക്കിയ പാലിയേറ്റീവ് കെയർ നയത്തിലെ ഒരു പ്രധാന വിഷയമാണ് Grief And Bereavement (മരണത്തെ തുടർന്നുണ്ടാകുന്ന വിയോഗാനുഭവവും വ്യഥയും). ഈ അവസ്ഥയെ നേരിടുന്നതിന് മരിച്ചവരുടെ കുടുംബത്തോടൊപ്പം നിന്നുകൊണ്ട് അവർക്ക് ആശ്വാസമേകുന്ന Bereavement Companionship Programme പാലിയേറ്റീവ് കെയർ നയത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. മരണാനന്തര ചടങ്ങുകൾക്ക് വേണ്ട സഹായവും മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനും കുടുംബാംഗങ്ങൾക്ക് മാനസിക പിന്തുണ നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ഡി) | രോഗാവസ്ഥയിലും ജീവിതത്തിന്റെ അവസാനഘട്ടത്തിലും കരുണാർദ്രവും മാന്യവുമായ പരിചരണം മനുഷ്യന്റെ അടിസ്ഥാന അവകാശമാണെന്നിരിക്കെ അവകാശാധിഷ്ഠിത സാന്ത്വന പരിചരണത്തിന്റെ മാതൃകകൾ സൃഷ്ടിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പാലിയേറ്റീവ് കെയർ പരിചരണത്തിന്റെ ഉദ്ദേശലക്ഷ്യം തന്നെ ജീവിതത്തിന്റെ അവസാനഘട്ടത്തിലുള്ള കരുണാർദ്രവും മാന്യവുമായ പരിചരണമാണ്. ഈ പരിചരണം ശയ്യാവലംബരായവർക്കും ജീവിതത്തിന്റെ സായാഹ്നത്തിൽ എത്തിയവർക്കും നൽകുന്നതിന് ഉതകുന്ന രീതിയിലാണ് കേരളത്തിലെ സാന്ത്വന പരിചരണ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നിയമിതരായ ആയിരത്തോളം പാലിയേറ്റീവ് കെയർ നഴ്സുമാർ, ദേശീയ ആരോഗ്യദൗത്യം മുഖേന നിയമിതരായിട്ടുള്ള സ്റ്റാഫ് നേഴ്സ്, ഫിസിയോതെറാപ്പിസ്റ്റ്, ഡോക്ടേഴ്സ്, എന്നിവരും |

| | | | |
|---|---|---|---|
| | | | ആരോഗ്യവകുപ്പിലെ ഫീൽഡ്തല ജീവനക്കാരും പാരാമെഡിക്കൽ പ്രവർത്തകരും ഡോക്ടർമാരും ഉൾപ്പെടുന്ന ഒരു വലിയ മാനവ ശേഷി സാന്ത്വന പരിചരണത്തിനായി സംസ്ഥാനത്ത് നിലവിലുണ്ട്. ഇവരോടൊപ്പം ആശാ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും കൂടി ഉൾപ്പെടുന്ന ഒരു വലിയ സേവന മേഖലയാണ് കേരളത്തിലെ സാന്ത്വന പരിചരണ മേഖലയെ സമ്പുഷ്ടമാക്കിയത്. ഇത് സാന്ത്വന പരിചരണ രംഗത്ത് രാജ്യത്തിനും ലോകത്തിനും മാതൃകയായി മാറിയിട്ടുണ്ട്. രോഗാവസ്ഥയിലും ജീവിതത്തിന്റെ അവസാനഘട്ടത്തിലും കരുണാർദ്രവും മാന്യവുമായ പരിചരണം മനുഷ്യന്റെ അടിസ്ഥാന അവകാശമാണെന്നിരിക്കെ അവകാശാധിഷ്ഠിത സാന്ത്വന പരിചരണത്തിന്റെ മാതൃകകൾ സൃഷ്ടിക്കാൻ നിർദ്ദിഷ്ട ദിനങ്ങളിൽ സെക്കൻഡറി പാലിയേറ്റീവ് കെയറിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ ഒ.പി നടന്നു വരുന്നു. 2019ലെ സ്റ്റേറ്റ് പാലിയേറ്റീവ് കെയർ പോളിസി അനുസരിച്ച് പ്രൈമറി, സെക്കൻഡറി, ടെർഷ്യറി തലത്തിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും അത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിവിധ തലങ്ങളിൽ അവബോധ ക്ലാസുകൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുന്നു. ഒരു മാസത്തിൽ നിശ്ചിത ദിനങ്ങളിൽ ഹോം കെയറിന്റെ ഭാഗമായി നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായുള്ള പ്രസ്തുത കേന്ദ്രങ്ങളിൽ നിയോഗിക്കപ്പെടുന്ന നഴ്സിംഗ് ഓഫീസർ നഴ്സിംഗ് കെയർ നൽകി വരുന്നു. ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനവും ലഭ്യമാണ്. കൂടാതെ കിടപ്പ് രോഗികൾക്ക് ആവശ്യമായ നഴ്സിംഗ് കെയറും നൽകി വരുന്നുണ്ട്. ആയതിൽ പ്രഷർ സോർ'-ഡ്രസ്സിംഗ് ഡിബ്രൈഡ്മെന്റ്, കോളോസ്റ്റമി, യൂറിനെറി ബ്ലാഡർ കെയർ-ബ്ലാഡർ വാഷ്, ഓറൽ കെയർ, ജനറൽ നേഴ്സിംഗ് കെയർ, ഫിസിയോതെറാപ്പി എന്നിവയും ഉൾപ്പെടുന്നു. ഓരോ മാസവും 20 ദിവസങ്ങളിലായി പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ പാലിയേറ്റീവ് രോഗികളെയും പാലിയേറ്റീവ് നഴ്സ്, ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, ഡോക്ടർമാർ എന്നിവരടങ്ങുന്ന സംഘത്തിന്റെ നേതൃത്വത്തിൽ സന്ദർശിക്കുകയും മതിയായ പരിചരണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ